# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *710**

**14.07.2014 - ൽ മറുപടിക്ക്**

## ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ<br>ശ്രീ. ബാബു എം.പാലിശ്ശേരി<br>ശ്രീ. രാജു എബ്രഹാം | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതി (റാവെ)യുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) കേരള കാർഷിക സർവ്വകലാശാലയിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികളാണ് ഗ്രാമീണ കാർഷിക പ്രവൃത്തി പരിചയ പദ്ധതിയിൽ പങ്കെടുക്കന്നത്. ഓരോ വർഷവും ഈ പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞ്, ഈ പരിപാടിയുടെ ഫലപ്രാപ്തിയെ സംബന്ധിച്ച് കോളേജ് തല അവലോകനം നടത്താറുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, റാവെ പരിപാടിയിൽ പങ്കെടുത്ത കർഷകർ എന്നിവരുടെ സംയുക്ത യോഗം സംഘടിപ്പിക്കുന്നുണ്ട്. ഈ യോഗത്തിൽ റാവെ പരിപാടിയുടെ സമഗ്ര റിപ്പോർട്ട് അവതരിപ്പിക്കാറുണ്ട്. മാത്രമല്ല, റാവെ പരിപാടിയുടെ ഭാഗമായി നടത്തുന്ന ഓരോ മൊഡ്യൂളിനെക്കുറിച്ചും അതാത് മൊഡ്യൂളുകൾ അവസാനിക്കുന്ന മുറക്ക് വിലയിരുത്തൽ നടത്താറുണ്ട്. വിദ്യാർത്ഥികളുടെയും മൊഡ്യൂൾ നിയന്ത്രിച്ച അദ്ധ്യാപകരുടെയും, നിർദ്ദിഷ്ട മൊഡ്യൂളിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെയും കർഷകരുടെയും അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും പരിപാടിയുടെ പിന്നീടുള്ള നടത്തിപ്പിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യാറുണ്ട്. |
| ബി) കേരള കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം സാധാരണ കർഷകരിൽ എത്തിക്കുന്നതിന് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമൂലം സാധിച്ചിട്ടുണ്ടോ; | ബി) റാവെ പരിപാടിയുടെ ഭാഗമായി നടക്കുന്ന മൊഡ്യൂളുകളിൽ ഭൂരിഭാഗവും കർഷകരുമായി വിദ്യാർത്ഥികൾ നേരിട്ടു സംവദിക്കുന്നവയാണ്. ആ മൊഡ്യൂളുകളിലെല്ലാം തന്നെ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിലും അവരുടെ നിർദ്ദേശാനുസരണവുമാണ് വിദ്യാർത്ഥികൾ കർഷകരുമായി ബന്ധപ്പെടുന്നത്. കർഷകർക്കായി വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന പരിശീലനപരിപാടികൾ, ഗ്രൂപ്പ് ചർച്ചകൾ, ശില്പശാലകൾ എന്നിവ നടത്താറുണ്ട്. റാവെയുടെ ഏറ്റവും അവസാനത്തെ മൊഡ്യൂളായ ഗ്രാമവാസ പരിപാടിയിൽ ഏതാണ്ട് മൂന്ന് ആഴ്ചയിലധികം വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമത്തിൽ താമസിക്കുകയും അവിടുത്തെ കാർഷിക വ്യവസ്ഥകളെപ്പറ്റി ശാസ്ത്രീയമായ പഠനം നടത്തുകയും ചെയ്യുന്നതിനോടൊപ്പം ഓരോ പ്രദേശത്തിന്റേയും കാലാവസ്ഥാ പ്രകൃതി വിഭവ ലഭ്യതയ്ക്കനുസരിച്ച് ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കുകയും സാമ്പത്തിക സർവ്വേകൾ നടത്തുകയും പ്രസ്തുത റിപ്പോർട്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും മറ്റ് വികസന ഏജൻസികൾക്കും സമർപ്പിക്കുകയും |

ചെയ്യാറുണ്ട്. തുടർന്ന് സർവ്വകലാശാലയിലെ വിജ്ഞാന വ്യാപന വിഭാഗം മേൽപറഞ്ഞ പദ്ധതി യുടെ ഏകോപനവും നിരീക്ഷണവും വിലയിരു ത്തലും നടത്താറുണ്ട്. പരിശീലന ക്ലാസുകൾ ഡെമോ ൺസ്ട്രേഷനുകൾ, കാർഷിക പ്രദർശനങ്ങൾ, സർ വ്വേകൾ എന്നിവ വിപുലമായി സംഘടിപ്പിക്കാറുണ്ട്. ഓരോ റാവെയിലും ശരാശരി 2000–2500 കർഷകരെ വിവിധ പരിപാടികളിലായി വിദ്യാർത്ഥികളും അദ്ധ്യാപകരും ബന്ധപ്പെടാറുണ്ട്.

**സി)** പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമ മായി നടത്തുന്നതിനു നടപടി സ്വീകരി ക്കുമോ?

**സി)** ഓരോ വർഷവും റാവെ പരിപാടി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളേയും കർഷക പ്രതിനിധിക ളേയും ഉൾപ്പെടുത്തി നടത്തുന്ന അവലോകന യോഗങ്ങളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾക്ക നുസരിച്ച് വരും വർഷങ്ങളിലെ പദ്ധതി നടത്തിപ്പ് പരിഷ്കരിക്കാറുണ്ട്.

ഇതിന്റെ ഭാഗമായി ഓരോ മൊഡ്യൂളും നടത്തേണ്ട രീതി, ഓരോ മൊഡ്യൂളും വിലയിരു ത്തേണ്ട രീതി, ഓരോ മെഡ്യൂളിൽനിന്നും വിദ്യാർത്ഥി ആർജ്ജിക്കേണ്ട നൈപുണ്യവും വിജ്ഞാനവും എന്തായിരിക്കണം എന്നത് എന്നിവ വിശദമായി പ്രതി പാദിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം നൽകിയി ട്ടുണ്ട്. ഓരോ തവണയും റാവെ നടത്തുന്നതിനുമുമ്പ് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിച്ചുകൂട്ടി വിശദമായ ഷെഡ്യൂൾ തയ്യാറാക്കാനും, കൂടുതൽ മെച്ചപ്പെട്ട സ്ഥാപനങ്ങൾ കണ്ടെത്തി വിദ്യാർത്ഥികളെ ചേർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതുവഴി സർവ്വകലാശാലയുടെ പ്രവർത്തനം സാധാരണ കർഷകരിൽ കൂടുതലായി എത്തിക്കുന്ന തിന് സാധിച്ചിട്ടുണ്ട്.

Shajma

**സെക്ഷൻ ഓഫീസർ**